**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2600** **27-02-2023 - ൽ മറുപടിയ്ക്ക്**

**കേരള ഗ്രീൻ എനർജി മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർബൺ ബഹിർഗമനം കുറച്ചുകൊണ്ട് ഊർജ്ജ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കേരള ഗ്രീൻ എനർജി മിഷന്റെ ഭാഗമായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് കേരള ഗ്രീൻ എനർജി മിഷൻ രൂപീകരിച്ചിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് ഹരിതോർജ്ജ ഇടനാഴി പദ്ധതികൾ വഴി ലക്ഷ്യമിടുന്ന ഉല്പാദന ശേഷി എത്രയാണ്; ഇവയുടെ ഓരോന്നിന്റെയും മതിപ്പ് ചെലവെത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | കേരളത്തിലെ ഹരിതോർജ്ജ സ്രോതസ്സുകളുടെ കലവറയായ പാലക്കാട്, ഇടുക്കി, വയനാട്, കാസറഗോഡ് ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ സർക്കാർ, സർക്കാരിതര, സ്വകാര്യ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന/ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഹരിതോർജ്ജ പദ്ധതികളിൽ നിന്നുള്ള വൈദ്യുതിയുടെ സുഗമമായ പ്രസരണത്തിന് വേണ്ടി ഈ മേഖലയിൽ മൂന്ന് ഹരിതോർജ്ജ ഇടനാഴി പദ്ധതികൾ (അട്ടപ്പാടി ഗ്രീൻ കോറിഡോർ, രാമക്കൽമേട് ഗ്രീൻ കോറിഡോർ, നോർത്ത് ഗ്രീൻ കോറിഡോർ എന്നിവ) ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി വഴി നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി കേന്ദ്ര സർക്കാരിന് 2017-ൽ സമർപ്പിച്ച ഈ മൂന്നു പദ്ധതികളിൽ അട്ടപ്പാടി, രാമക്കല്മേട്, ഗ്രീൻ കോറിഡോർ പദ്ധതികൾക്ക് അവയുടെ അംഗീകരിച്ച പദ്ധതി തുകയായ 420.32 കോടി രൂപയുടെ 33% (138.71 കോടി രൂപ) ഗ്രാന്റ് ആയി നല്കുന്നതിനുള്ള അംഗീകാരം MNRE നൽകിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | ഹരിതോർജ്ജ ഇടനാഴി പദ്ധതികൾക്ക് വിദേശ വായ്പ ലഭ്യമായിട്ടുണ്ടോ; പദ്ധതിയുടെ രൂപരേഖ ലഭ്യമാക്കാമോ? | (സി) | കെ.എസ്.ഇ.ബി.എൽ. വിഭാവനം ചെയ്ത മൂന്ന് ഹരിതോർജ്ജ ഇടനാഴി പദ്ധതികൾക്കുമായി ജർമൻ ബാങ്കായ KFW- ൽ നിന്നും 816 കോടി രൂപ വായ്പ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരും KfW വുമായി ഇതിനുള്ള കരാർ 24.11.2022 ൽ ഒപ്പു വച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതിന്റെ തുടർച്ചയായി സംസ്ഥാന സർക്കാരും കെ.എസ്.ഇ.ബി. യും KfWവുമായി ഒപ്പു വയ്ക്കേണ്ട കരാറുകൾ സംബന്ധിച്ച തുടർ നടപടികൾ സംസ്ഥാന സർക്കാരിന്റെ പരിഗണയിലാണ്.<br><br>വിവിധ പദ്ധതികളിലായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പ്രധാന പ്രവൃത്തികൾ ചുവടെ സൂചിപ്പിക്കുന്നു.<br><br><u>അട്ടപ്പാടി ഗ്രീൻ കോറിഡോർ</u><br><br>മണ്ണാർക്കാട്, കോട്ടത്തറ എന്നിവിടങ്ങളിൽ 220 കെ. വി. സബ്സ്റ്റേഷനുകളുടേയും അനുബന്ധ ലൈനുകളുടേയും നിർമ്മാണം.<br><br><u>രാമക്കൽമേട് ഗ്രീൻ കോറിഡോർ</u><br><br>നിർമ്മല സിറ്റി 220 കെ. വി., രാമക്കൽമേട് 110 കെ. വി. എന്നീ സബ്സ്റ്റേഷനുകളുടേയും അനുബന്ധ ലൈനുകളുടേയും, കട്ടപ്പന, നെടുങ്കണ്ടം സബ്സ്റ്റേഷനുകളിൽ പുതിയ 110kV ഫീഡർ ബേകളുടേയും നിർമ്മാണം.<br><br><u>നോർത്ത് ഗ്രീൻ കോറിഡോർ</u><br><br>വയനാട് പയ്യമ്പിള്ളി 400 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണം, പയ്യമ്പിള്ളി മുതൽ കാസറഗോഡ്, കരിന്തളം വരെയുള്ള 125 km, 400 കെ. വി. ലൈനിന്റെ നിർമ്മാണം, പയ്യമ്പിള്ളി സബ്സ്റ്റേഷനിൽ നിന്നും മൈസൂർ-കണിയാമ്പറ്റ 220 കെ. വി. ലൈനിലേക്കുള്ള 220കെ. വി. മൾട്ടി സർക്യൂട്ട് ലൈനിന്റെ നിർമ്മാണം. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

<table>
<tr><th>കേന്ദ്ര സർക്കാരിന്റെ പദ്ധതികൾ</th><th>സമർപ്പിച്ച പ്രൊജക്ട് തുക (കോടിയിൽ)</th><th>അംഗീകരിച്ച പ്രൊജക്ട് തുക (കോടിയിൽ)</th><th>അനുവദിച്ച ഗ്രാന്റ്</th><th>DSR 2018 പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തുക (കോടിയിൽ)</th></tr>
<tr><td>അട്ടപ്പാടി ഗ്രീൻ കോറിഡോർ</td><td>233</td><td rowspan="2">420.32</td><td rowspan="2">138.71</td><td>311.11</td></tr>
<tr><td>രാമക്കൽമേട് ഗ്രീൻ കോറിഡോർ</td><td>195.9</td><td>234.64</td></tr>
<tr><td>നോർത്ത് ഗ്രീൻ കോറിഡോർ</td><td>813.4</td><td>-</td><td>-</td><td>911.8</td></tr>
<tr><td>ആകെ</td><td>1242.30</td><td>420.32</td><td></td><td>1457.55</td></tr>
</table>

സെക്ഷൻ ഓഫീസർ